KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

## കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ



# ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012 (പോക്സോ ആക്റ്റ് 2012)

# കൈപ്പുസ്തകം
# 2022

കുട്ടികൾക്കായൊരു പീഡനരഹിത കേരളം
അതിനായി നമുക്കൊന്നിക്കാം

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

# ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012 (പോക്സോ ആക്റ്റ് 2012)

**കൈപ്പുസ്തകം**

2022

കുട്ടികൾക്കായൊരു പീഡനരഹിത കേരളം
അതിനായി നമുക്കൊന്നിക്കാം

# കർത്തവ്യവാഹകർക്കുള്ള
# കൈപ്പുസ്തകം

# ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമവുമായി ബന്ധപ്പെട്ട കൈപ്പുസ്തകം (പോക്സോ നിയമം 2012)

ഫെബ്രുവരി 2022

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **ശ്രീമതി പി.വി. ഗീത**<br>രജിസ്ട്രാർ |
| എഡിറ്റർ | : | **ശ്രീ. പി. ശ്യാം കുമാർ**<br>പബ്ലിക് റിലേഷൻസ് ഓഫീസർ |
| രൂപകൽപ്പന | : | **ശ്രീമതി തുഷാര ഭാസ്ക്കർ**<br>സീനിയർ ടെക്നിക്കൽ ഓഫീസർ |
| | | **ശ്രീമതി ദേവി പി. ബാലൻ**<br>കേസ് വർക്കർ, പോക്സോ സെൽ |
| | | **ശ്രീമതി നിമ്മി എസ്. നാഥ്**<br>കേസ് വർക്കർ, പോക്സോ സെൽ |
| | | **ശ്രീമതി ജോയിസ് കോശി**<br>കേസ് വർക്കർ, പോക്സോ സെൽ |
| പ്രിന്റ് & പബ്ലിഷർ | : | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പൊതുജന താല്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്ന ലഘുലേഖ |
| കോപ്പികൾ | : | 20000 |
| | | സൗജന്യവിതരണത്തിന് |


ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഗസറ്റ്, അസ്സൽ പ്രസിദ്ധീകരണങ്ങൾ പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

**വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034.**

**ഫോൺ : 0471 - 2326603 ഇ-മെയിൽ :** childrights.cpcr@kerala.gov.in

facebook.com/KeSCPCRKerala twitter.com/ KeSCPCR_Kerala

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

| പേര് / തസ്തിക | ചുമതല / ജില്ലകൾ | ഇ-മെയിൽ/ ഫോൺ |
|---|---|---|
| **ശ്രീ. കെ. വി. മനോജ് കുമാർ** | ചെയർപേഴ്സൺ | cp.cpcr@kerala.gov.in<br>9446448846 |
| **കമ്മീഷൻ അംഗങ്ങൾ** | | |
| **ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി** | തിരുവനന്തപുരം (സിറ്റി)<br>കണ്ണൂർ, തൃശ്ശൂർ | parakattphilip@gmail.com<br>9846114098 |
| **ശ്രീ. കെ. നസീർ** | തിരുവനന്തപുരം (റൂറൽ)<br>ആലപ്പുഴ,<br>എറണാകുളം | advnazeerchaliyam@gmail.com<br>9895236212 |
| **ശ്രീമതി ബബിത ബി.** | കോഴിക്കോട് ,<br>വയനാട് | Advbabithabala rajan2020@gmail.com<br>9495325269 |
| **ശ്രീ. റെനി ആന്റണി** | കൊല്ലം,<br>പത്തനംതിട്ട,<br>ഇടുക്കി | reniantonyplr@gmail.com<br>9747037200 |
| **ശ്രീമതി ശ്യാമളാ ദേവി പി.വി** | കോട്ടയം ,<br>കാസർകോട് | advsyamaladevi@gmail.com<br>9495653810 |
| **ശ്രീ. സി. വിജയകുമാർ** | പാലക്കാട്,<br>മലപ്പുറം | vijayakumaratha vanad@gmail.com<br>9496129702 |

| | | |
|---|---|---|
| സെക്രട്ടറി | **ശ്രീമതി അനിത ദാമോദരൻ** | secy.cpcr@kerala.gov.in |
| രജിസ്ട്രാർ | **ശ്രീമതി പി.വി. ഗീത** | childrights.cpcr@kerala.gov.in |

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 11 |
| 2 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പോക്സോ നിയമത്തിന്റെ നിരീക്ഷണ സംവിധാനങ്ങൾ | 14 |
| 3 | പോലീസ് | 16 |
| 4 | ചൈൽഡ് വെൽഫെയർ കമ്മിറ്റി | 20 |
| 5 | ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് | 23 |
| 6 | പ്രത്യേക കോടതി | 27 |
| 7 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ | 29 |
| 8 | വൈദ്യപരിശോധന | 30 |
| 9 | കേരള നിയമ സേവന അതോറിറ്റിയും, നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥകളും | 33 |
| 10 | കുട്ടികളെ ഉപയോഗിച്ച് അശ്ലീല സന്ദേശങ്ങളും വീഡിയോയും പ്രചരിപ്പിക്കുന്നതിനെതിരെയുള്ള നിയമ നടപടികൾ | 35 |
| 11 | ലൈംഗിക കുറ്റകൃത്യങ്ങളും ശിക്ഷാ നടപടികളും | 38 |
| 112 | ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളും വിവരങ്ങളും (പോലീസ് ഫോം - എ) | 42 |
| 13 | പ്രാഥമിക മൂല്യനിർണ്ണയ വിവരം (ഫോം: ബി - പോലീസ്) | 43 |

നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്നത് കുട്ടികളാണ്. 18 വയസ്സിൽ താഴെയുള്ള ഏതൊരാളേയും കുട്ടിയായി നിയമം പരിഗണിക്കുന്നു. കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ലൈംഗിക പീഡനങ്ങൾ തടയുവാനും കുറ്റവാളികൾക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുവാനും 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടി ലക്ഷ്യം വെക്കുന്നു. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ ലിംഗ ഭേദമില്ലാതെ നടപ്പാക്കുന്നതിനും നിയമ നടത്തിപ്പിലുടനീളം ബാല സൗഹൃദമായ നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചാണ് ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (പോക്സോ ആക്റ്റ് 2012) പാസ്സാക്കപ്പെട്ടത്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം, ലൈംഗിക പീഡനം, കുട്ടികളെ അശ്ലീല ചിത്രങ്ങൾ കാണിക്കൽ, അവരെ ഉപയോഗിച്ച് അശ്ലീല ചിത്രം എടുക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക, കൂടാതെ അത്തരം കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുക, കേസന്വേഷണവും വിചാരണയും ബാലസൗഹാർദപരമാക്കുക, കുട്ടികളുടെ പുനരധിവാസം, ശാരീരിക, മാനസിക, ആരോഗ്യ, സാമൂഹിക വികാസത്തിനുവേണ്ടി കുട്ടികളുടെ ഉത്തമ താല്പര്യം മുൻനിർത്തി നടപടികൾ സ്വീകരിക്കുക എന്നിവ പോക്സോ നിയമത്തിന്റെ ലക്ഷ്യം. കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുക എന്നതിനോടൊപ്പം കുറ്റകൃത്യങ്ങൾക്ക് വിധേയരായവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുക എന്നതും പ്രസ്തുത നിയമത്തിൽ വിവരിക്കുന്നു. ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012 സംബന്ധിച്ച് പൊതുസമൂഹത്തെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

**കെ.വി. മനോജ്കുമാർ**
(ചെയർപേഴ്സൺ)

# ആമുഖം

**ലൈം**ഗിക പീഡനത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടേയും കടമയാണ്. സമൂഹം ഒന്നടങ്കം ഈ കർത്തവ്യബോധം ഉൾക്കൊണ്ടാൽ മാത്രമേ പീഡനങ്ങൾക്കെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ.

അതിനാൽ നിയമനടപടികൾക്ക് ഉപരിയായ പ്രാധാന്യമാണ് സമൂഹം പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൽപ്പിക്കേണ്ടത്. സ്വന്തം കുടുംബത്തിൽ പോലും കുട്ടികൾ സുരക്ഷിതരല്ലെന്ന വാർത്തകളാണ് കേരള സമൂഹം കേട്ടു കൊണ്ടിരിക്കുന്നത്. നിഷ്കളങ്കരായ കുട്ടികൾക്ക് ഭയരഹിതമായും സുരക്ഷിതമായും ജീവിക്കുവാൻ കഴിയുന്ന അവസ്ഥ ഒരുക്കി കൊടുക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിലെ ഓരോ വ്യക്തിയ്ക്കുമുണ്ട്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ബാലസംരക്ഷണ സമിതികൾ ജില്ല, ബ്ലോക്ക്, ഗ്രാമ തലത്തിലും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലത്തിലും രൂപീകരിച്ചിട്ടുണ്ട്.

## ലൈംഗികാതിക്രമം - കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ

- അതിക്രമത്തിന് വിധേയരാകുന്ന കുട്ടികൾ ചില സന്ദർഭങ്ങളിൽ പെട്ടെന്ന് പ്രകോപിതരാകുക, സ്വയം ഹാനി വരുത്തുക, ആത്മഹത്യയെക്കുറിച്ച് സംസാരിക്കുകയോ ശ്രമിക്കുകയോ തുടങ്ങിയ സ്വഭാവവ്യത്യാസങ്ങൾ പ്രകടിപ്പിക്കുക.
- വീട്ടിലേയ്ക്ക് / സ്കൂളിലേയ്ക്ക് പോകുവാൻ മടി / ഭയം കാണിക്കുക.
- ലൈംഗികാസക്തിയോടെ പെരുമാറുകയോ പ്രവർത്തിക്കുകയോ ചെയ്യുക.
- ആത്മാഭിമാനത്തിന് പ്രാധാന്യം നൽകാതിരിക്കുക.
- കാലാവസ്ഥയ്ക്കനുസൃതമല്ലാതെ ഒന്നിന് പുറത്ത് മറ്റൊന്നായി കൂടുതൽ വസ്ത്രങ്ങൾ ധരിക്കുക.

- ഉറക്കമില്ലായ്മ, അടിക്കടി പേടിസ്വപ്നങ്ങൾ കാണുക. ഇരുട്ടിനെ ഭയക്കുക.
- കിടന്ന് മൂത്രമൊഴിക്കുക, വിരൽ കുടിക്കുക, കൂടുതലായി കരയുക, ശിശുക്കളെപ്പോലെ പെരുമാറുക.
- കൂട്ടുകാരുമായി സൗഹൃദമില്ലായ്മ.
- ആഹാരം കഴിക്കാൻ വിമുഖത.
- പ്രത്യേക വ്യക്തിയോടോ വസ്തുവിനോടോ ഭയം.
- പഠനനിലവാരം കുറയുക.
- സ്വന്തം ലൈംഗികാവയവങ്ങളെപ്പോലും വെറുക്കുകയോ സാധാരണയിൽ കവിഞ്ഞ സ്വകാര്യത ആവശ്യപ്പെടുകയോ ചെയ്യുക.
- എല്ലാ വ്യക്തിബന്ധങ്ങളിലും ലൈംഗിക ബന്ധം ഉള്ളതായി സംശയിക്കുക.
- സ്വന്തം ലിംഗവർഗ്ഗത്തിൽപ്പെടുന്നവരെ വെറുക്കുക.
- അശ്ലീലവും അനുചിതവുമായ വാക്കുകളും സംസാരത്തിലുടനീളം ഉണ്ടാകുക.
- മറ്റുള്ള കുട്ടികളുമായിച്ചേർന്ന് ലൈംഗികകാര്യങ്ങൾ അനുകരിക്കുക.
- മുതിർന്നവരുടെ ചിത്രങ്ങൾ, നഗ്നചിത്രങ്ങൾ, അനാട്ടമി ചിത്രങ്ങൾ തുടങ്ങിയവ വെബ്സൈറ്റുകൾ ഉൾപ്പെടെയുള്ള മാർഗങ്ങളിലൂടെ മിക്കപ്പോഴും കാണുക.

**ശാരീരികം**

- ലൈംഗികമായി പകരുന്ന രോഗങ്ങളുണ്ടാകുക.
- ഗർഭധാരണം.
- ജനനേന്ദ്രിയങ്ങളിൽ വേദനയോ ചൊറിച്ചിലോ ഉണ്ടാകുക.
- നടക്കുന്നതിനോ ഇരിക്കുന്നതിനോ ബുദ്ധിമുട്ട് അനുഭവപ്പെടുക.
- അസ്വാഭാവികമായ ശരീരവേദനയോ മുറിവുകളോ ക്ഷതങ്ങളോ ഉണ്ടാകുക.

- ഇടവിട്ടുള്ള പൂപ്പൽ രോഗസംക്രമം.
- വിസർജ്ജ്യവേളയിൽ വേദന.

അസ്വാസ്ഥതകൾ നിറഞ്ഞ കുടുംബാന്തരീക്ഷത്തിലും, മറ്റ് ബന്ധുക്കളോടൊപ്പവും രക്തബന്ധമില്ലാത്തവരോടൊപ്പവും കഴിയേണ്ടിവരുന്ന കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തണം. ഇത്തരം സാഹചര്യങ്ങളിൽ രക്ഷകരായെത്തുന്നവർ മുഖേന ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലാണ്. കൂടാതെ സ്കൂൾ അവധി, ദീർഘകാല അവധി, രക്ഷാകർത്താക്കൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ എന്നിവമൂലം കുട്ടിയെ മറ്റുള്ള വീടുകളിൽ മാറ്റി നിർത്തേണ്ടിവരുന്ന അവസരങ്ങളിലും മറ്റേതെങ്കിലും വ്യക്തിയെ വീട്ടിൽ വരുത്തി കുട്ടിയുടെ സംരക്ഷണത്തിനായി ചുമതലപ്പെടുത്തുമ്പോഴും കുട്ടിയുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

കുട്ടിയെ ഉപദ്രവിക്കുന്ന വ്യക്തിയും കുട്ടിയും തമ്മിൽ പ്രായത്തിൽ വലിയ അന്തരമുണ്ടെങ്കിലോ അടുത്ത ബന്ധുവാണെങ്കിലോ പെട്ടെന്നൊരു സംശയം ജനിപ്പിക്കാത്തവിധം കുട്ടിയെ ദുരുപയോഗം ചെയ്യുവാൻ ആ വ്യക്തിക്ക് സാധിക്കും. അതിനാൽ രക്ഷാകർത്താക്കളും മറ്റ് മുതിർന്നവരും അതീവശ്രദ്ധ പുലർത്തണം. ചിലപ്പോൾ ആ വ്യക്തിയുടെ ഭവനത്തിൽ കഴിയുന്നത് കുട്ടിയുടെ പഠനം തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണെന്നും മറ്റും പറഞ്ഞ് സ്വന്തം കുട്ടിയോടുള്ളതിനേക്കാൾ കൂടുതലായ സ്നേഹപ്രകടനത്തിലൂടെ രക്ഷാകർത്താക്കളെ തെറ്റിദ്ധരിപ്പിച്ച് കുട്ടിയെ കൂടെ നിർത്തുവാൻ താൽപര്യം പ്രകടിപ്പിച്ചെന്നുവരാം. ഏതെങ്കിലും പ്രത്യേക വ്യക്തിയോട് കുട്ടിക്കുണ്ടാകുന്ന അസ്വാഭാവികമായ താല്പര്യവും, ഇഷ്ടവും പ്രത്യേകം ശ്രദ്ധിക്കണം. കുട്ടിയെ ദുരുപയോഗിക്കുന്ന ആളും കുട്ടിയും തമ്മിൽ ആത്മബന്ധമുണ്ടാകാനിടവന്നാൽ അത് കുട്ടിയുടെ ഭാവിജീവിതം പോലും തകർക്കാൻ ഇടയാക്കിയേക്കാം. അറിവില്ലായ്മ ചൂഷണം ചെയ്യുന്നവരെ ഒരിക്കലും അതിന് അനുവദിക്കരുത്. കുട്ടികൾക്ക് സ്വയരക്ഷയ്ക്ക് വേണ്ടിയിട്ടുള്ള പരിശീലനം, പ്രായത്തിനനുസരിച്ചുള്ള, ലൈംഗിക വിദ്യാഭ്യാസത്തെ കുറിച്ചുള്ള ക്ലാസ്സുകൾ എന്നിവ നൽകേണ്ടതാണ്.

## കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പോക്സോനിയമത്തിന്റെ നിരീക്ഷണ സംവിധാനങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമ നിയമം വകുപ്പ് 44-പ്രകാരം പ്രസ്തുത നിയമത്തിന്റെ നിരീക്ഷണ ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്ത മാണ്. അതിനായി കമ്മീഷനിൽ പോക്സോ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു.

- ലൈംഗീകാതിക്രമത്തിന് വിധേയരാകുന്ന കുട്ടികൾക്ക് നിയമസംരക്ഷണം, വൈദ്യ-നിയമ-സാമ്പത്തിക സഹായ ങ്ങൾ, കൗൺസിലിംഗ്, വിചാരണയ്ക്കുള്ള പ്രത്യേക കോട തികൾ സ്ഥാപിക്കലും [12 (1-(a)], സർക്കാർ തലത്തിലുള്ള സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ
- [12(1-(b)] നിരീക്ഷിക്കുക എന്നതും കമ്മീഷന്റെ ചുമതലയാകു ന്നു (The Protection of Children from Sexual Offences Amendment Rules 2020) പോക്സോ നിയമപ്രകാരം പ്രത്യേക കോടതികൾ, പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC), ജില്ലാ നിയമ സേവന അതോറിറ്റി തുടങ്ങിയവ സ്വീകരി ക്കുന്ന നടപടികളും നിരീക്ഷിക്കപ്പെടുന്നുണ്ട്.
- ആക്റ്റ് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി കൾ (CWC), ഡോക്ടർമാർ, അദ്ധ്യാപകർ, സൈക്കോളജി, സോഷ്യൽ വർക്ക്, ശാരീരിക-മാനസിക ആരോഗ്യം, ശിശു വികസനം തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, കൗൺസിലർമാർ തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംവാദങ്ങൾ സംഘടിപ്പിക്കുകയും, അതിലൂടെ പ്രസ്തുത നിയമത്തിന്റെ സുഖമമായ നടത്തിപ്പിനുവേണ്ട ശുപാർശകൾ യഥാസമയം സർക്കാരിന് സമർപ്പിക്കുകയും അവ നിരീക്ഷിക്കുകയും ചെയ്യുന്നതാണ്.
- പോലീസ് സ്റ്റേഷനുകളിൽ പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെ സംബന്ധിച്ചുള്ള

വിവരങ്ങൾ സംസ്ഥാന പോലീസിൽ നിന്നും (എസ്.സി. ആർ.ബി) കമ്മീഷൻ ശേഖരിക്കുന്നു. പോക്സോ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പു കളും കൃത്യമായി പാലിക്കുന്നുണ്ടോയെന്നും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും പോക്സോ നിരീക്ഷണ സംവിധാനത്തിലൂടെ (POCSO Monitoring Cell) കമ്മീഷൻ പരിശോധിക്കുന്നു.

- പോക്സോ നിയമപ്രകാരം പോലീസോ, മറ്റു ബന്ധപ്പെട്ട വകുപ്പുകളോ നടപടികൾ സ്വീകരിക്കാത്തപക്ഷം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് പരാതി സമർപ്പിക്കാവുന്നതാണ്. ഇതിന് അപേക്ഷാഫീസ് ആവ ശ്യമില്ല. വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ പരാതി ഒപ്പിട്ട് സമർപ്പിക്കാം.

## ലൈംഗിക കുറ്റകൃത്യ കേസുകളിൽ പോലീസ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് വിഭാഗം വളരെ നിർണ്ണായകമായ പങ്കു വഹിച്ചു വരുന്നു. ലൈംഗികാതിക്രമ കേസുകൾ റിപ്പോർട്ടു ചെയ്യേണ്ടത് (വകുപ്പ് 19 പ്രകാരം) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ/ ലോക്കൽ പോലീസോ ആണെന്ന് നിയമത്തിൽ വിവരിച്ചിരിക്കുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടു പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO) എന്ന് നാമകരണം ചെയ്തിരിക്കുന്നു. കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ കേസുകളുടേയും നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാരുടെ പരിധിയിലുള്ള ചുമതലയാണ്.

### കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ പോലീസ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

- **റിപ്പോർട്ടിംഗ്**: ഒരു കുട്ടി ലൈംഗിക കുറ്റകൃത്യങ്ങൾക്ക് വിധേയമാവുകയോ, കുറ്റകൃത്യം നടക്കുവാൻ സാധ്യതയുള്ളതായോ പോലീസിന് വിവരം ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിലാകരുത്.
- കുട്ടി പറയുന്ന ഭാഷയിൽ തന്നെയാവണം മൊഴി രേഖപ്പെടുത്തേണ്ടത്. ആവശ്യമുള്ള പക്ഷം പരിഭാഷകരുടേയോ ദ്വിഭാഷികളുടേയോ സേവനം പോലീസിന് തേടാവുന്നതാണ്.
- കുട്ടിയ്ക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ വിവരിക്കുമ്പോൾ ആവശ്യമെങ്കിൽ ഇടവേളകൾ അനുവദിക്കാവുന്നതാണ്.
- മൊഴി രേഖപ്പെടുത്തുന്ന പോലീസുദ്യോഗസ്ഥൻ ചുവടെ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ കൃത്യത്തെ സംബന്ധിച്ച

വിവരങ്ങൾ നൽകുന്ന വ്യക്തിയ്ക്കോ കുട്ടിയ്ക്കോ നൽകേണ്ടതാണ്.

- ▶ പേര്, ഉദ്യോഗപദവി, മേൽവിലാസം, ഫോൺ നമ്പർ (മൊബൈൽ നമ്പർ ഉൾപ്പെടെ) മേലുദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപദവി, ഫോൺ നമ്പർ (മൊബൈൽ നമ്പർ സഹിതം) നൽകേണ്ടതാണ്.
- ▶ കുട്ടിയ്ക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ, (നഷ്ട പരിഹാരം, നിയമസേവനം) പ്രതിയുടെ അറസ്റ്റ് ഉൾപ്പെടെയുള്ള കേസിന്റെ പുരോഗതി, പ്രതിയ്ക്കു ലഭിക്കാവുന്ന ശിക്ഷ, കുട്ടിയ്ക്ക് ലഭിക്കാവുന്ന പൊതു/സ്വകാര്യ തലത്തിൽ നിന്നുള്ള സേവനങ്ങളുടെ വിശദാംശം.

- റിക്കോർഡ് ചെയ്യപ്പെട്ട മൊഴി കുട്ടിയേയോ രക്ഷിതാക്കളേയോ കുട്ടിയ്ക്ക് വിശ്വാസമുള്ളവരെയോ പോലീസുദ്യോഗസ്ഥൻ വായിച്ചു കേൾപ്പിക്കേണ്ടതാണ്.
- പ്രഥമ വിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ നടപടികൾ ഉടനടി സ്വീകരിക്കേണ്ടതും വിവരം നൽകുന്ന വ്യക്തിയ്ക്ക് സൗജന്യമായി പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ് 24 മണിക്കൂറിനുള്ളിൽ നൽകേണ്ടതുമാണ്.
- മാനസിക വൈകല്യമോ ശാരീരികമായ മറ്റു വെല്ലുവിളികളോ നേരിടുന്ന കുട്ടിയുടെ മൊഴി രേഖപ്പെടുത്തുന്ന വേളയിൽ വിദഗ്ദ്ധരുടെ സേവനം ഉറപ്പു വരുത്തേണ്ടതാണ്.
- കേസിനെ സംബന്ധിച്ച വിവരങ്ങൾ നൽകുന്ന വ്യക്തിക്ക് കേസുമായി ബന്ധപ്പെട്ട് ഭാവിയിൽ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകില്ല എന്ന് ഉറപ്പു നൽകേണ്ടതാണ്.
- കുറ്റകൃത്യത്തിന് വിധേയരായ കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിലോ കുട്ടി സാധാരണ താമസിക്കുന്ന സ്ഥലത്ത് വെച്ചോ, കുട്ടിയ്ക്ക് താൽപ്പര്യമുള്ള സ്ഥലത്തു വെച്ചോ പരമാവധി സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത വനിതാ പോലീസ് ഓഫീസർ രേഖപ്പെടുത്തണം.

യാതൊരു കാരണവശാലും കുട്ടിയെ രാത്രി പോലീസ് സ്റ്റേഷനിൽ തങ്ങുന്നതിന് അനുവദിക്കുവാൻ പാടുള്ളതല്ല.

- കുട്ടിയുടെ രക്ഷകർത്താക്കളുടേയോ ഉറ്റമിത്രങ്ങളുടേയോ കുട്ടിയ്ക്ക് ആത്മവിശ്വാസം നൽകുന്ന ആളുടെയോ സാന്നിദ്ധ്യത്തിൽ കുട്ടി പറയുന്ന രീതിയിൽ തന്നെ മൊഴി രേഖപ്പെടുത്തണം.
- ഒരു കാരണവശാലും പ്രതിയുടെ സാന്നിദ്ധ്യത്തിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തുവാൻ പാടുള്ളതല്ല.
- കുറ്റകൃത്യത്തിന് വിധേയമായ കുട്ടി താമസിക്കുന്ന വീട്ടിലെ ഏതെങ്കിലും ഒരംഗം കുട്ടിയെ ലൈംഗിക കുറ്റകൃത്യത്തിന് വിധേയമാക്കുകയോ, അതിനു ശ്രമിക്കുകയോ, അപ്രകാരം സംഭവിക്കാനിടയുണ്ടെന്ന് അറിയുകയോ, രക്ഷകർത്താവിന്റെ സംരക്ഷണം ഇല്ലാത്ത കുട്ടിയോ, ശിശുസംരക്ഷണ സ്ഥാപനത്തിൽ കഴിയുകയോ ആണെങ്കിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.
- ഇത്തരം കേസുകളിൽ കുട്ടി കുറ്റകൃത്യത്തിന് വിധേയമായ വിവരം, കുട്ടിയ്ക്ക് ശ്രദ്ധയും സംരക്ഷണവും ലഭിക്കേണ്ടതായ ആവശ്യകത, പോലീസ് നൽകിയ സേവനങ്ങളുടെ വിശദാംശങ്ങൾ എന്നീ കാര്യങ്ങളടങ്ങിയ റിപ്പോർട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് 24 മണിക്കൂറിനകം പോലീസ് സമർപ്പിക്കേണ്ടതാണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി സപ്പോർട്ട് പേഴ്സനെ നിയമിച്ച വിവരം രേഖാമൂലം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അല്ലെങ്കിൽ ലോക്കൽ പോലീസിനെ 24 മണിക്കൂറിനുള്ളിൽ അറിയിക്കേണ്ടതാണ്. കൂടാതെ സപ്പോർട്ട് പേഴ്സന്റെ സേവനം പിൻവലിച്ച വിവരവും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനെ ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയിക്കേണ്ടതും പ്രസ്തുത വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അല്ലെ

ങ്കിൽ ലോക്കൽ പോലീസ് കോടതിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**വൈദ്യപരിശോധനയിൽ പോലീസ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ**

- വൈദ്യപരിശോധനയിൽ കുട്ടിയ്ക്ക് മുൻഗണന നൽകുവാനുള്ള സംവിധാനം ആശുപത്രി അധികൃതർ ഒരുക്കണം. പോലീസ് സ്റ്റേഷന് അടുത്തുള്ളതും അധികാര പരിധിയിലുള്ളതുമായ ആശുപത്രികൾ, ഡോക്ടർമാർ, കൗൺസിലർമാർ എന്നിവരുടെ പേരുവിവര പട്ടിക പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കേണ്ടതാണ്.
- കേസന്വേഷിക്കുന്ന വേളയിലും കോടതി നടപടിയുടെ സമയത്തും പ്രതിയെ അല്ലെങ്കിൽ കുറ്റവാളിയെ കുട്ടി കാണുവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.
- കുറ്റകൃത്യത്തിനു വിധേയമായ കുട്ടിയെ സംബന്ധിച്ച് യാതൊരു വിവരങ്ങളും വെളിപ്പെടുത്തുന്നില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.
- കുറ്റകൃത്യത്തിനു വിധേയമായ കുട്ടിയെ വൈദ്യപരിശോധനയ്ക്കായും അടിയന്തിര ചികിത്സയ്ക്കായും 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള സർക്കാർ അല്ലെങ്കിൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കണം.
- വൈദ്യപരിശോധന കുട്ടിയുടെ രക്ഷിതാക്കളുടെയോ, കുട്ടിയ്ക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ സാന്നിദ്ധ്യത്തിൽ പൂർത്തീകരിക്കണം. ഇത് സാധ്യമല്ലെങ്കിൽ ആശുപത്രി മേധാവി തീരുമാനിക്കുന്ന വനിതയുടെ സാന്നിദ്ധ്യത്തിലായിരിക്കണം വൈദ്യപരിശോധന നടത്തപ്പെടേണ്ടത്.
- വൈദ്യപരിശോധനയുടെ ഭാഗമായി സാമ്പിളുകൾ ആശുപത്രിയിൽ നിന്നും ശേഖരിച്ച് സമയബന്ധിതമായി ഫോറൻസിക് ലാബുകളിൽ എത്തിക്കേണ്ടതാണ്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി

കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രധാന പങ്ക് വഹിക്കുന്നു. ഓരോ ജില്ലകളിലും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കേസുകളിൽ റിപ്പോർട്ട് ചെയ്യുന്ന പോക്സോ കേസുകൾ വിശകലനം ചെയ്ത് പ്രത്യേക പരിഗണന കൊടുക്കേണ്ട കേസുകൾ, അല്ലാത്തവ എന്നീ ക്രമത്തിൽ മുൻഗണന കൊടുക്കുക, കുട്ടികളുടെ പ്രായം, ലിംഗം, വിഭാഗം, കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യം എന്നിവ മുൻനിർത്തി റിപ്പോർട്ടുകൾ ശേഖരിക്കുകയും കുട്ടിയുടെ പുനരധിവാസം സാധ്യമാക്കുകയുമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുഖ്യചുമതല. ഇതോടൊപ്പം കുട്ടികളുടെ സാമൂഹിക പശ്ചാത്തലം വിലയിരുത്തി അവർക്ക് അനുയോജ്യമായ പദ്ധതി, പുനരധിവാസം എന്നിവയും നടപ്പിലാക്കേണ്ടതിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രധാന പങ്ക് വഹിക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റി പോക്സോ നിയമവുമായി ബന്ധപ്പെട്ട് നിർവ്വഹിച്ചുവരുന്ന എല്ലാ പ്രവർത്തനങ്ങളുടേയും നിരീക്ഷണം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ലൈംഗികാതിക്രമത്തെ അതിജീവിച്ച ഒരു കുട്ടിയ്ക്ക് ശ്രദ്ധയും സംരക്ഷണവും നൽകുന്നതിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രധാന പങ്ക് വഹിക്കുന്നു. ഒരു കുട്ടി ലൈംഗികാതിക്രമത്തിന് വിധേയമാകുകയോ ആകുവാൻ സാധ്യതയുണ്ടെന്നോ വിവരം ലഭിച്ചാൽ പോലീസ് മുഖാന്തിരം ശ്രദ്ധയും സംരക്ഷണത്തിനുമായി 24 മണിക്കൂറിനുള്ളിൽ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണം (19(5)Act 2012). കുട്ടിയ്ക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയോ, അല്ലെങ്കിൽ ഒരു സോഷ്യൽ വർക്കറുടെ സഹായത്തോടു കൂടിയോ കുട്ടിയെ വീട്ടിൽ നിന്നോ, പ്രതിയുമായി ഒന്നിച്ചു താമസിക്കുന്ന സ്ഥലത്തു നിന്നോ, ശിശു സംരക്ഷണ സ്ഥാപനത്തിൽ നിന്നോ 3 ദിവസത്തിനുള്ളിൽ മാറ്റി പാർപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ്.

**കുട്ടി പറയുന്ന അഭിപ്രായത്തിന് മുൻഗണന നൽകി ഉത്തമ താല്പര്യം മുൻനിർത്തി ശ്രദ്ധയും സംരക്ഷണവും ഉറപ്പു വരുത്തുവാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി സ്വീകരിക്കേണ്ട നടപടികൾ**

- വൈദ്യസഹായം, കൗൺസിലിംഗ് മുതലായ സംവിധാനങ്ങൾ കുട്ടിയ്ക്ക് നൽകുന്നതിന് മാതാപിതാക്കൾ/രക്ഷകർത്താക്കൾ/കുട്ടിയ്ക്ക് താല്പര്യമുള്ളവർ പ്രാപ്തരാണോ എന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി വിലയിരുത്തി കുട്ടിയുടെ ഉത്തമ താല്പര്യത്തിന് അനുസൃതമായി സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്.
- മാതാപിതാക്കളുടെയോ/രക്ഷകർത്താക്കളുടെയോ/കുട്ടിയ്ക്ക് താല്പര്യമുള്ളവരുടെയോ ഒപ്പം താമസിക്കുന്ന അതിജീവിതയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി അവരുമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി ബന്ധം നിലനിർത്തേണ്ടതാണ്.
- കുട്ടിയുടെ പ്രായം, പക്വത, ലിംഗം, സാമൂഹിക-സാമ്പത്തിക ചുറ്റുപാടുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.
- അതിജീവിതയായ കുട്ടിക്ക് ശാരീരിക വൈകല്യമോ, മറ്റു ഗുരുതരമായ രോഗങ്ങളോ, കുട്ടിയുടെ ഉത്തമ താത്പര്യം ഹനിക്കുന്ന രീതിയിലുള്ള കുടുംബ കലഹമോ, മറ്റു പ്രശ്നങ്ങളോ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.
- കുട്ടിയുടെയോ/രക്ഷകർത്താവിന്റെയോ/കുട്ടിയ്ക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ സമ്മതത്തോടു കൂടി കേസിന്റെ അന്വേഷണ വിചാരണ കാലയളവിൽ എല്ലാവിധ പിന്തുണ നൽകുന്നതിനായി ഒരു സപ്പോർട്ട് പേഴ്സണെ നിയമിക്കുകയും പ്രസ്തുത വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് വിഭാഗത്തിനെ അറിയിക്കേണ്ടതുമാണ്.
- നിയമത്തിന്റെ നടത്തിപ്പിനു വേണ്ടി സപ്പോർട്ട് പേഴ്സന്റെ സേവനം കുട്ടിയോ/മാതാപിതാക്കളോ/രക്ഷകർത്താക്കളോ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി സപ്പോർട്ട് പേഴ്സനെ നിയമിക്കുകയും ആ വിവരം ചൈൽഡ് വെൽഫെയർ കമ്മിറ്റി-സ്പെ

ഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ലോക്കൽ പോലീസിനെ അറിയിക്കേണ്ടതാണ്.

- കുട്ടിയ്ക്ക് പരിപൂർണ്ണ വിശ്വാസമുള്ളതും, വേഗത്തിൽ സമീപിക്കാവുന്നതുമായ വ്യക്തിയാകണം സപ്പോർട്ട് പേഴ്സണായി നിയോഗിക്കേണ്ടത്. കൂടാതെ കേസിന്റെ രഹസ്യാത്മകത കാത്തു സൂക്ഷിക്കുകയും കേസിന്റെ നട പടി ക്രമങ്ങൾ, ജുഡീഷ്യൽ പ്രക്രിയയും സപ്പോർട്ട്പേഴ്സ ൺ അറിയിക്കുകയും കൂടാതെ, സമയാസമയങ്ങളിൽ രക്ഷ കർത്താവിനെയോ, കുട്ടിയെയോ, കുട്ടിയ്ക്ക് വിശ്വാസമുള്ള വ്യക്തിയെയോ അറിയിക്കേണ്ടതുമാണ്. പ്രതിയിൽ നിന്നും കുട്ടിയ്ക്ക് സുരക്ഷ ഒരുക്കേണ്ടതായിട്ടുണ്ടെങ്കിൽ ഈ സാഹ ചര്യത്തെ ബന്ധപ്പെട്ട അധികാരികളെ സപ്പോർട്ട് പേഴ്സൺ ബോധ്യപ്പെടുത്തേണ്ടതാണ്.
- കുട്ടിയ്ക്ക്/രക്ഷകർത്താവ്/മാതാപിതാക്കൾ എന്നിവർക്ക് സപ്പോർട്ട് പേഴ്സന്റെ സേവനം ആവശ്യമില്ലെങ്കിൽ സപ്പോർട്ട് പേഴ്സന്റെ സേവനം പിൻവലിച്ച് ഉത്തരവിറ ക്കുവാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് അധികാര മുണ്ട്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി വിചാരണ കാലഘട്ടം അവസാനിക്കുന്നതു വരെ കുട്ടിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് എല്ലാ മാസവും സപ്പോർട്ട് പേഴ്സണിൽ നിന്നും ആവശ്യപ്പെടേണ്ടതാണ്.
- കോടതി നടപടിക്രമം, നഷ്ടപരിഹാര തുകയുടെ ലഭ്യത, കേസിന്റെ അന്വേഷണത്തിന്റെ പുരോഗതി, കുറ്റവാളിയുടെ അറസ്റ്റ്, കുറ്റവാളിയുടെ ജാമ്യം, കുറ്റവിമുക്തനാക്കൽ, അല്ലെങ്കിൽ തടവിൽ ആക്കുക, വിചാരണ ശേഷം വിധി പ്രസ്താവിക്കൽ, ശിക്ഷ തുടങ്ങിയ കാര്യങ്ങൾ കുട്ടിയ്ക്ക്/ രക്ഷകർത്താവ്/മാതാപിതാക്കൾ എന്നിവർക്ക് കൃത്യമായി ബോധ്യപ്പെടുത്തുന്നത് സപ്പോർട്ട് പേഴ്സന്റെ ചുമതല യാണ്. മേൽസൂചിപ്പിച്ച വിശദമായ അവലോകനം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചുമതലയാകുന്നു.

### ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്

ബാലാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലക ളിലും ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. പോക്സോ നിയമത്തിന്റെ സുഗമമായ നടത്തിപ്പിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രധാന പങ്ക് വഹിക്കുന്നു.

വ്യാഖ്യാതാക്കൾ, പരിഭാഷകർ, പ്രത്യേക അദ്ധ്യാപകർ, വിദ ഗ്ദ്ധർ, പിന്തുണ നൽകുന്ന വ്യക്തികൾ (Support Person) എന്നിവരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, മറ്റു ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ തയ്യാറാ ക്കുകയും ആയതിന്റെ പകർപ്പ് സ്പെഷ്യൽ ജുവനൈൽ പോലീ സിനും, മജിസ്ട്രേറ്റ്/പ്രത്യേക കോടതി ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നീ വിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ എൻ.ജി.ഒ.കൾ (സർക്കാരേതര സന്നദ്ധ സംഘടനകൾ) വഴി നിയ മിക്കപ്പെടുന്ന കൗൺസിലിംഗ്/സപ്പോർട്ട് പേഴ്സൺ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണം.

- പ്രവേശിത ലൈംഗികാതിക്രമത്തിനോ/ഗുരുതരമായ അതി ക്രമത്തിനോ മറ്റു ലൈംഗികാതിക്രമങ്ങൾക്കോ കുട്ടി വിധേ യമായിട്ടുണ്ടെങ്കിൽ ആ കുട്ടിയ്ക്ക് മാനസിക പിന്തുണ നൽകുന്നതിനായി കൗൺസിലർമാരുടെ സേവനം തേടാവു ന്നതാണ്. കൗൺസിലറുടെ സേവനം ലഭ്യമല്ലാത്ത പക്ഷം കരാർ അടിസ്ഥാനത്തിൽ കൗൺസിലറുടെ സേവനം സജ്ജീ കരിക്കാവുന്നതാണ്. ഇത്തരത്തിൽ നിയമനവും സേവനവും ലഭ്യമാക്കുന്ന കൗൺസിലർമാരുടെ പട്ടിക ജില്ലാ ശിശുസംര ക്ഷണ യൂണിറ്റ് തയ്യാറാക്കേണ്ടതും, അവർക്കുള്ള വേതനം ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നിശ്ചയിക്കേണ്ടതുമാണ്.
- ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ ജോലി ചെയ്യുന്ന ലീഗൽ-കം-പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ അല്ലെങ്കിൽ ഔട്ട് റീച്ച് വർക്കർ എന്നിവരെ അത്യാവശ്യഘട്ട ങ്ങളിൽ സപ്പോർട്ട് പേഴ്സണായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനത്തിനു വേണ്ടി നിയോഗിക്കാവുന്ന താണ്.

- ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് സപ്പോർട്ട് പേഴ്സണായി നിയമിക്കുന്നവരുടെ ലിസ്റ്റ് നിർബന്ധമായും സൂക്ഷിക്കേണ്ട താണ്.
- അതിജീവിതയ്ക്ക് സാമ്പത്തിക സഹായം/നഷ്ടപരി ഹാരം/ആശ്വാസനിധികൾ എന്നിവ ലഭ്യമാക്കുവാനും ബാങ്ക് അക്കൗണ്ട് തുടങ്ങുവാനും, അതിനായി തിരിച്ചറി യൽ രേഖകൾ ലഭ്യമാക്കുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ സഹായിക്കേണ്ടതാണ്.
- പോക്സോ നിയമത്തിന്റെയും ജില്ലാ നോഡൽ ഓഫീസ റായി ജില്ലാ ശിശുസംരക്ഷണ ഓഫീസർ പ്രവർത്തിക്കേ ണ്ടത്.

**വ്യാഖ്യാതാക്കൾ, പരിഭാഷകർ, പ്രത്യേക അദ്ധ്യാപകർ, വിദഗ്ദ്ധർ, എൻ.ജി.ഒ., കൗൺസിലർ, സപ്പോർട്ട്പേഴ്സൻ, ചൈൽഡ്ലൈൻ എന്നിവരുടെ ഉത്തരവാദിത്വങ്ങൾ**

പരാതി രജിസ്റ്റർ ചെയ്യുന്നതു മുതൽ വിചാരണയിലും ദീർഘകാല പുനരധിവാസത്തിനും തുടർന്നുള്ള പ്രക്രിയകളിലും അതിജീവിതർക്കും കുടുംബാംഗങ്ങൾക്കുംവേണ്ടി സർക്കാരിതര സംഘടനകൾ (എൻ.ജി.ഒ.), സാമൂഹ്യപ്രവർത്തകർ, വ്യാഖ്യാതാ ക്കൾ, പരിഭാഷകർ, പ്രത്യേക അദ്ധ്യാപകർ, വിദഗ്ദ്ധർ, കൗൺസി ലർ, ചൈൽഡ്ലൈൻ (1098) എന്നിവരുടെ നിയമാനുസൃതമായ സേവനം ലഭ്യമാക്കേണ്ടതാണ്. ഓരോ ജില്ലകളിലേയും ശിശു സംരക്ഷണ യൂണിറ്റുകളിൽ അതിജീവിതയ്ക്ക് ബന്ധപ്പെട്ട സേവ നങ്ങൾ നൽകുന്നതിന് തയ്യാറാക്കിയിരിക്കുന്നവരുടെ പേര്, വിലാ സം, കൈകാര്യം ചെയ്യുന്ന മേഖല എന്നിവയുടെ വിശദാംശം അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ തയ്യാറാക്കിയ വിശദാംശങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണി റ്റ്, മജിസ്ട്രേറ്റ്, പ്രത്യേക കോടതി എന്നീ വിഭാഗങ്ങളിൽ ആവശ്യ മുള്ള സാഹചര്യത്തിൽ ലഭ്യമാക്കേണ്ടതാണ്.

- കുട്ടിയുടെ മൊഴി/തെളിവുകൾ രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ്/കോടതിക്ക് ദ്വിഭാഷികളുടെയോ, പരി

ഭാഷകരുടെയോ സേവനം ആവശ്യമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

- കുട്ടിയുടെ മൊഴി/തെളിവ് ശേഖരിക്കുന്നതിന്റെ ഭാഗമായി കുട്ടിയ്ക്ക് മാനസികമായോ, ശാരീരികമായോ വൈകല്യം ഉണ്ടെങ്കിൽ സ്പെഷ്യൽ കോടതിക്ക്/പോലീസിന് സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെയോ, കുട്ടിയുടെ ആശയവിനിമയ രീതി പരിചയമുള്ള ഏതെങ്കിലും വ്യക്തിയുടെയോ, അല്ലെങ്കിൽ ആ മേഖലയിലുള്ള വിദഗ്ദ്ധരുടേയോ സഹായം സർക്കാർ സംവിധാനങ്ങളിലൂടെ ഫീസ് അടച്ച് തേടാവുന്നതാണ്.
- നിയമങ്ങൾക്ക് വിധേയമായി പ്രൊഫഷണലുകൾ, മാനസിക ആരോഗ്യ വിദഗ്ദ്ധർ കുട്ടികളുടെ വികാസവുമായി ബന്ധപ്പെട്ട വ്യക്തികൾ വിചാരണയ്ക്ക് മുമ്പും വിചാരണ കാലയളവിലും കുട്ടിയെ സഹായിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.
- വ്യാഖ്യാതാക്കളും, വിവർത്തകരും, കുട്ടി സംസാരിക്കുന്ന ഔദ്യോഗിക ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രവർത്തിപരിചയം ഉള്ളവരായിരിക്കണം.
- ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയിൽ നിന്നോ പ്രാവിണ്യം നേടിയവർ ആയിരിക്കണം ആംഗ്യഭാഷ അദ്ധ്യാപകർ, പ്രത്യേക അദ്ധ്യാപകർ, വിദഗ്ദ്ധർ എന്നിവർ.
- കുട്ടികളുടെ അവകാശങ്ങൾക്കും, സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളെ ആയിരിക്കണം സപ്പോർട്ട് പേഴ്സനായി നിയോഗിക്കേണ്ടത്.
- സപ്പോർട്ട് പേഴ്സന്റെ സേവനങ്ങൾക്കായുള്ള വേതനം ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേന നൽകാവുന്നതാണ്.
- ഇത്തരത്തിൽ നിയമിക്കപ്പെടുന്ന സപ്പോർട്ട് പേഴ്സൺ കുട്ടിയുമായി ബന്ധപ്പെട്ടതും, കേസുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങളുടെ രഹസ്യാത്മകത കാത്തു സൂക്ഷിക്കേണ്ടതാണ് (പോക്സോ ചട്ടം – 2020 5(2))

- കുട്ടിയ്ക്ക് സപ്പോർട്ട് പേഴ്സനെ നൽകിയിട്ടുണ്ടെങ്കിൽ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്/ലോക്കൽ പോലീസ് പ്രത്യേക കോടതിയെ (സ്പെഷ്യൽ കോടതി) രേഖാമൂലം അറിയിക്കേണ്ടതാണ്.

**സപ്പോർട്ട് പേഴ്സന്റെ ഉത്തരവാദിത്വങ്ങൾ**

- നിയമ നടപടികളിൽ ഉടനീളം ആവശ്യമായ ഇടപെടലുകൾ ഉറപ്പു വരുത്തുക.
- കുട്ടിയുടെ പുനരധിവാസവും, ക്ഷേമവും സംജാതമാക്കുക.
- സപ്പോർട്ട് പേഴ്സൺ വിചാരണ നടപടി പൂർത്തിയാക്കുന്നതു വരെ കേസിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട പ്രതിമാസ റിപ്പോർട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്, പ്രസ്തുത റിപ്പോർട്ടിൽ സപ്പോർട്ട് പേഴ്സൺ ഉൾപ്പെടുത്തേണ്ട വസ്തുതകൾ :
    - ▶ കുട്ടിയുടെ മാനസികവും ശാരീരികവുമായ അവസ്ഥയും പരിചരണവും
    - ▶ ശാരീരികം, വൈകാരികം, മാനസികം, ക്ഷേമം, കുടുംബ പശ്ചാത്തലം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികൾ.
    - ▶ ലൈംഗീകാതിക്രമം മൂലം മാനസികനില തെറ്റിയ കുട്ടിയാണെങ്കിലോ/ജന്മനാ മാനസിക വൈകല്യമുള്ള കുട്ടിയാണെങ്കിലോ മാനസികാവസ്ഥയിൽ കുട്ടിയ്ക്കുണ്ടായ പുരോഗതിയും സ്വീകരിച്ച നടപടികളും വിലയിരുത്തുക.
    - ▶ ആരോഗ്യ പരിചരണം, മാനസിക പരിചരണം, കൗൺസിലിംഗ്, തുടർ വൈദ്യസഹായം, തുടർ വിദ്യാഭ്യാസം തുടങ്ങിയവയിൽ ആവശ്യമായ ഇടപെടലുകൾ നടത്തുക.
    - ▶ കുട്ടിക്ക് അർഹതപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

## പ്രത്യേക കോടതി

പോക്സോ ആക്റ്റ് 28-ാംവകുപ്പ് പ്രകാരം ഓരോ ജില്ലയിലും ശിശുസൗഹാർദ്ദ അന്തരീക്ഷത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് പ്രത്യേക കോടതിയായി ഒരു സെക്ഷൻസ് സജ്ജീകരിക്കണമെന്ന് നിയമത്തിൽ അനുശാസിക്കുന്നു. ഇതിൻ പ്രകാരം ജില്ലകളിലെ ഫസ്റ്റ് അഡീഷണൽ സെക്ഷൻസ് കോടതികളെ കുട്ടികളുടെ പ്രത്യേക കോടതികളായി സംസ്ഥാന-സർക്കാർ നാമകരണം ചെയ്തിരിക്കുന്നു. ഇതിനു പുറമെ പോക്സോ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം കണക്കിലെടുത്ത് അതിവേഗ കോടതികളും സംസ്ഥാനത്ത് പ്രവർത്തന സജ്ജമാണ്. പോക്സോ കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുക, വിക്ടിം കോമ്പൻസേഷൻ സ്കീം കൃത്യമായി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ അതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് അവരുടെ അവകാശം ഉറപ്പു വരുത്തുകയും കൂടാതെ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ രീതിയിൽ പുനരധിവാസ പ്രക്രിയയ്ക്ക് തുടക്കം കുറിയ്ക്കുകയും ചെയ്യുവാൻ സാധിക്കുന്നു. കുട്ടികളുടെ കേസിന്റെ വിചാരണയും മറ്റ് നിയമ നടപടികളും ഫലപ്രദമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിയമത്തിൽ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതിൽ പ്രത്യേക കോടതികൾ പ്രധാന പങ്ക് വഹിക്കുന്നു.

പോക്സോ നിയമപ്രകാരം സംസ്ഥാനത്തെ ഫസ്റ്റ് അഡീഷണൽ സെഷൻസ് കോടതികളെ സ്പെഷ്യൽ കോടതികളായി നിയമിച്ചിട്ടുണ്ട്. കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ കോടതികളെ പോക്സോ നിയമം നടപ്പിലാക്കുന്നതിനു വേണ്ടി സ്പെഷ്യൽ കോടതികളായും ചുമതലപ്പെടുത്തിയിരിക്കുന്നു.

**പോക്സോ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് കുട്ടികളുടെ പ്രത്യേക കോടതി നിർവ്വഹിക്കപ്പെടേണ്ട കർത്തവ്യങ്ങൾ**

- പോക്സോ കേസുകളുടെ വിചാരണ കൊഗ്നിസൻസ് എടുത്ത് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുക.

- കോടതി നടപടികളിൽ കുട്ടിയുടെ കുടുംബാംഗങ്ങൾ, രക്ഷ കർത്താവ്, സുഹൃത്ത്, ബന്ധുക്കൾ, കുട്ടിയ്ക്ക് വിശ്വാസമു ള്ളവരുടെ സാന്നിദ്ധ്യം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- കോടതിയിൽ തെളിവ് നൽകുന്നതിനായി കുട്ടിയെ ആവർത്തിച്ച് വിളിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
- കുട്ടിയുടെ അന്തസ്സിന് ഹാനികരമാകുന്ന തരത്തിൽ പ്രകോ പനപരമായ തരത്തിലോ, സ്വഭാവഹത്യ ചെയ്യുന്ന തരത്തി ലോ ഉള്ള ചോദ്യങ്ങൾ അനുവദിക്കാൻ പാടില്ല.
- കുട്ടിയെ തിരിച്ചറിയുന്ന വിവരങ്ങൾ(വ്യക്തി വിവരങ്ങൾ) അന്വേഷണ സമയത്തോ, വിചാരണ വേളയിലോ വെളിപ്പെ ടുത്തിയിട്ടില്ലെന്ന് ഉറപ്പു വരുത്തുക.
- മാനസികവും, ശാരീരികവുമായി പിൻതുണയ്ക്കായി സ്പെ ഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുക.
- കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ ദൃശ്യ-ശ്രവ്യ മാധ്യമ ങ്ങളുടെ സഹായത്തോടെ തെളിവ് ശേഖരിക്കാവുന്നതാണ്. കൂടാതെ (ദൃശ്യാഭിമുഖം വഴിയും) മൊഴി രേഖപ്പെടുത്താം.
- രക്ഷിതാക്കളുടെയോ കുട്ടിയ്ക്ക് വിശ്വാസമുള്ള വ്യക്തിയു ടെയോ സാന്നിദ്ധ്യത്തിൽ കോടതി നടപടികൾ ഇൻ ക്യാമറ യായി നടത്തേണ്ടതാണ്.
- കുട്ടിയെ സംബന്ധിച്ച തെളിവ് കോടതി, കൊഗ്നിസൻസ് എടുത്തും 30 ദിവസത്തിനുള്ളിൽ രേഖപ്പെടുത്തേണ്ടതാണ്.
- കൊഗ്നിസൻസ് എടുത്ത് ഒരു വർഷത്തിനുള്ളിൽ കേസിന്റെ വിചാരണ പൂർത്തിയാക്കേണ്ടതാണ്.
- കേസിന്റെ വിചാരണ കാലയളവിൽ ഇടക്കാല നഷ്ടപരി ഹാരം കുട്ടിക്ക് ലഭ്യമാക്കേണ്ടതാണ്.
- ലൈംഗികകുറ്റകൃത്യം നടന്നതായി ആരോപിക്കപ്പെട്ട സമ യത്ത് കുറ്റകൃത്യം ചെയ്ത വ്യക്തിയുടെ പ്രായം 18 വയ സ്സിൽ താഴെയാണെങ്കിൽ 2015-ലെ ബാലനീതി നിയമം ബാധകമായിരിക്കും.
- കുട്ടി തെളിവ് നൽകുന്ന സമയത്ത് പ്രതികളെ കാണുന്നി ല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- വിചാരണയ്ക്കു മുമ്പും, വിചാരണ ഘട്ടത്തിലും തെളിവുകൾ രേഖപ്പെടുത്തുന്നതിന് കുട്ടികളെ സഹായിക്കുവാൻ വിദഗ്ധരുടെ/സപ്പോർട്ട് പേഴ്സന്റെ സേവനം സ്വീകരിക്കാവുന്നതാണ്.
- വിചാരണ സമയത്ത് കുട്ടിക്ക് വേണമെങ്കിൽ ഇടവേളകൾ അനുവദിക്കാവുന്നതാണ്.

പോക്സോ ചട്ടം 9 പ്രകാരം കുട്ടിക്ക് ഏൽക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ, പരിക്കുകൾ, മാനസികവും ശാരീരികവുമായ ആരോഗ്യം വീണ്ടെടുക്കുന്നതിന് വേണ്ടിവരുന്ന ചികിത്സാചെലവ്, കുറ്റകൃത്യംമൂലം വിദ്യാഭ്യാസ അവസരം നഷ്ടമായിട്ടുണ്ടെങ്കിൽ ക്രമീകരണം, കുറ്റകൃത്യഫലമായുണ്ടായ വൈകല്യങ്ങൾ/സാമ്പത്തികാവസ്ഥ അടിസ്ഥാനമാക്കിയുള്ള പുനരധിവാസം/കുട്ടി ഗർഭിണിയാണെങ്കിൽ/കുട്ടിക്ക് ലൈംഗികരോഗങ്ങൾ എച്ച്.ഐ.വി, എയ്ഡ്സ് ബാധിതയാണെങ്കിൽ ഇവ പരിഗണിച്ച് പ്രത്യേക കോടതി നഷ്ട പരിഹാര തുകയ്ക്ക് ഉത്തരവ് പുറപ്പെടുവിപ്പിക്കേണ്ടതാണ്.

**സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ**

- പോസ്കോ നിയമനടത്തിപ്പിനായി സംസ്ഥാന സർക്കാർ ഓരോ സ്പെഷ്യൽ കോടതിയിലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടതാണ്.
- ഏഴ് വർഷത്തിൽ കുറയാതെ അഭിഭാഷകവൃത്തിയിൽ പ്രവർത്തന പരിചയമുള്ള അഭിഭാഷകരെ സ്പെഷ്യൽ കോടതി പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കാവുന്നതാണ്.
- പോക്സോ നിയമപ്രകാരം പ്രതികൾ ചെയ്ത കുറ്റങ്ങൾക്കുള്ള ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾ ന്യായമായ വിചാരണയ്ക്കുള്ള എല്ലാ സാഹചര്യങ്ങളും പ്രത്യേക പ്രോസിക്യൂട്ടർമാർ കണക്കിലെടുക്കേണ്ടതാണ്. കൂടാതെ പ്രതിക്ക് ജാമ്യത്തിനായുള്ള അപേക്ഷയുടെ മുൻകൂർ നോട്ടീസ് കുട്ടിയെയോ മാതാപിതാക്കളെയോ/ വിശ്വാസമുള്ളരെയോ ബോധ്യപ്പെടുത്തേണ്ടതാണ്.

- കുട്ടിക്ക് മനസ്സിലാവുന്ന ഭാഷയിൽ കോടതിയുടെ തീരുമാനമോ, നടപടിയോ, വിധിയോ, നഷ്ടപരിഹാരത്തിന്റെ വിശദാംശമോ, കുട്ടിയോടോ, മാതാപിതാക്കളോടോ, കുട്ടിയ്ക്ക് വിശ്വസ്തരായവരോടോ, പബ്ലിക് പ്രോസിക്യൂട്ടർ വിശദീകരിക്കേണ്ടതാണ്.
- കേന്ദ്രസംസ്ഥാന സർക്കാർ നൽകുന്ന നഷ്ടപരിഹാര പദ്ധതി തുകകൾ കുട്ടിയ്ക്ക് ലഭിക്കുന്നതിന് വേണ്ട എല്ലാ നടപടിക്രമങ്ങളും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ സ്വീകരിക്കേണ്ടതാണ്.

**വൈദ്യപരിശോധന**

പോക്സോ ആക്റ്റ് 2012-ലെ വകുപ്പ് 27 പ്രകാരം ലൈംഗിക കുറ്റകൃത്യങ്ങൾക്ക് വിധേയമാകുന്ന കുട്ടികളെ അടിയന്തിരമായി വൈദ്യപരിശോധന നടത്തേണ്ടതാണ്.

- ഒരു കുട്ടി ലൈംഗിക കുറ്റകൃത്യത്തിന് വിധേയമായി എന്നറിഞ്ഞാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തില്ലെങ്കിലും പോക്സോ നിയമപ്രകാരവും കോഡ് ഓഫ് ക്രിമിനൽ പ്രോസീജിയർ Sec 164-(A) പ്രകാരവും കുട്ടിയ്ക്ക് വൈദ്യസഹായം നൽകേണ്ടതാണ്. 27(1) വകുപ്പ് 2012. ആയതിനാൽ അത്തരം സന്ദർഭങ്ങളിൽ ഉചിതമായ സേവനങ്ങൾ നല്കിയെന്നും ആരോഗ്യവകുപ്പിൻ കീഴിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു നൽകേണ്ടതാണ്.
- കേസ് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനുള്ളിൽ പോലീസ് അല്ലെങ്കിൽ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് കുട്ടിക്ക് വേണ്ട വൈദ്യപരിശോധന നൽകുന്നതിനുവേണ്ടി ഏറ്റവും അടുത്ത ആശുപത്രിയെ സമീപിക്കേണ്ടതാണ്.
- ലൈംഗികാതിക്രമത്തിന് വിധേയമായത് പെൺകുട്ടിയാണെങ്കിൽ വൈദ്യപരിശോധന വനിതാ ഡോക്ടർ നിർവ്വഹിക്കേണ്ടതാണ്.
- കുട്ടിയുടെ രക്ഷകർത്താക്കളുടേയോ അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടേയോ അസാന്നിധ്യത്തിൽ ആശുപത്രി മേധാവി നിയോഗിക്കുന്ന വനിതയുടെ സാന്നി

ദ്ധ്യത്തിലായിരിക്കണം വൈദ്യപരിശോധന നിർവ്വഹിക്കപ്പെടേണ്ടത്.

- ഒരു കുട്ടി പ്രവേശിത ലൈംഗിക കുറ്റകൃത്യത്തിനോ, ലൈംഗിക പീഢനത്തിനോ, ഗൗരവതര ലൈംഗിക പീഢനത്തിനോ വിധേയമായാൽ കുട്ടിക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്.
- കുട്ടിയുടെ സ്വകാര്യത പരിരക്ഷിക്കുന്ന തരത്തിൽ രക്ഷകർത്താവിന്റെയോ, കുട്ടി വിശ്വാസം അർപ്പിക്കുന്ന വ്യക്തിയുടെയോ സാന്നിദ്ധ്യത്തിൽ കുട്ടിക്ക് അടിയന്തിര വൈദ്യസഹായം നൽകേണ്ടതാണ്.
- ഒരു കുട്ടിയ്ക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനായി നിയമപരമായ ഉത്തരവുകളോ, നടപടിക്രമങ്ങളോ നൽകേണ്ട ആവശ്യമില്ല.
- ഒരു അംഗീകൃത ഡോക്ടറുടെ നേതൃത്വത്തിൽ കുട്ടിക്ക് ഉണ്ടായ മുറിവുകൾ, ലൈംഗികാവയവത്തിലെ പരിക്കുകൾ എന്നിവ അടിയന്തിരമായി പരിശോധിച്ച് ചികിത്സ നൽകേണ്ടതാണ്. കൂടാതെ കുട്ടിയ്ക്ക് ലൈംഗികരോഗങ്ങൾ വരുവാനുള്ള സാധ്യത തടയൽ, എച്ച്.ഐ.വി എയ്ഡ്സ് രോഗബാധ തടയുന്നതിനുള്ള പ്രതിരോധങ്ങൾ, കുട്ടി ഗർഭം ധരിക്കുവാൻ സാധ്യത ഉണ്ടെങ്കിൽ അവ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ, മാനസിക ശാരീരിക ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ, കുട്ടി മയക്കുമരുന്നിനുവിധേയമായിട്ടുണ്ടെങ്കിൽ ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനം എന്നീ സേവനങ്ങൾ വൈദ്യപരിശോധനയോടൊപ്പംതന്നെ അടിയന്തിരമായി കുട്ടിക്ക് നൽകുവാനുള്ള നടപടികൾ ആരോഗ്യ പരിപാലകർ സ്വീകരിക്കേണ്ടതാണ്.
- കുട്ടിയുടെ വൈദ്യപരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഡോക്ടർ 24 മണിക്കൂറിനുള്ളിൽ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അല്ലെങ്കിൽ ലോക്കൽ പോലീസിന് നൽകേണ്ടതാണ്.

- അടിയന്തിര വൈദ്യസഹായം നൽകുന്ന സാഹചര്യത്തിൽ ഫോറൻസിക് തെളിവുകൾ ശേഖരിക്കേണ്ടതാണെങ്കിൽ അവ സമയബന്ധിതമായി ശേഖരിക്കേണ്ടതാണ്.
- കുട്ടി ഗർഭിണിയാണെന്ന് കണ്ടെത്തിയാൽ, മെഡിക്കൽ പ്രാക്ടീഷണർ മുഖേന കുട്ടി/രക്ഷകർത്താക്കൾ/കുട്ടിക്ക് പിന്തുണ നൽകുന്ന വ്യക്തി എന്നിവർക്ക് മാനസിക പിന്തുണ നൽകുന്നതിനോടൊപ്പം തന്നെ (MTP Act 1971) നിയമപ്രകാരം ലഭ്യമാകുന്ന സാധ്യതകളെ കുറിച്ച് ബോധ്യ മാക്കേണ്ടതുമാണ്.
- കുട്ടിക്ക് ഏതെങ്കിലും മരുന്നുകളോ ലഹരിവസ്തുക്കളോ നൽകിയിട്ടുണ്ടെന്ന് കണ്ടെത്തിയാൽ അടിയന്തിരമായി ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനം ഉറപ്പുവരുത്തേണ്ട താണ്.
- ലൈംഗിക അതിക്രമത്തിന് വിധേയമായത് ശാരീരിക/മാന സിക വൈകല്യമുള്ള കുട്ടിയാണെങ്കിൽ 'ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്റ്റ്'2016 (49 of 2016) ലെ മാനദണ്ഡം അനുസരിച്ച് കുട്ടിക്ക് ഉചിതമായ പരിച രണം നൽകേണ്ടതാണ്.

**വൈദ്യപരിശോധനയിൽ ഡോക്ടർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. കുട്ടിയുടെ വൈദ്യപരിശോധനയുടെ മുന്നോടിയായി രക്ഷി താവിന്റേയോ/കുട്ടിയുടെയോ സമ്മതം ആവശ്യപ്പെടേണ്ട താണ്.
2. വൈദ്യപരിശോധന ആരംഭിക്കുന്നതിന്റേയും അവസാനിപ്പി ക്കുന്നതിന്റേയും കൃത്യമായ സമയം റിപ്പോർട്ടിൽ രേഖപ്പെ ടുത്തേണ്ടതാണ്.
3. വൈദ്യപരിശോധനയ്ക്ക് കുട്ടിയെ കൊണ്ടുവന്ന വ്യക്തി യുടെ പേര്, വിലാസം, കുട്ടിയുടെ പ്രായം, ഡി.എൻ.എ. പരിശോധനയ്ക്കായി കുട്ടിയിൽ നിന്നും എടുത്ത സാമ്പി ളുകളുടെ വിവരണം, കുട്ടിക്കേറ്റ പരിക്കുകളുടെ അടയാള ങ്ങൾ, കുട്ടിയുടെ മാനസികാവസ്ഥയെ സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കേ ണ്ടതാണ്.

4. വൈദ്യപരിശോധനയുടെ ഭാഗമായി ശേഖരിച്ച തെളിവുകൾ പായ്ക്ക് ചെയ്ത് സീൽ ചെയ്യേണ്ടതും വിശദമായ റിപ്പോർട്ടും പോലീസിന് കൈമാറേണ്ടതാണ്.

5. കുട്ടിയുടെ വൈദ്യപരിശോധനയുടെ തുടർനടപടികൾ യഥാക്രമം ആരോഗ്യവിദഗ്ധർ നിർവ്വഹിക്കേണ്ടതാണ്.

**വൈദ്യപരിശോധനയിൽ ആരോഗ്യവിദഗ്ദ്ധരുടെ പങ്ക്**

- ലൈംഗിക പീഡനത്തിന് വിധേയരായ കുട്ടികളുടെ ശാരീരിക ആഘാതങ്ങളെ ക്കുറിച്ചും മാനസിക പിരിമുറുക്കത്തെക്കുറിച്ചുമുള്ള വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.
- കുട്ടിയുടെ ലൈംഗിക പീഡനത്തെ സംബന്ധിച്ച കാര്യങ്ങൾ, മുൻവിധികൾ കൂടാതെയും സഹാനുഭൂതിയോടു കൂടിയും അതീവ ശ്രദ്ധയോടു കൂടിയും മെഡിക്കൽ റെക്കോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.
- ഒരു കുട്ടിയുടെ ശരീരത്തിൽ ഉണ്ടായ തീവ്രമായതും ദീർഘനാളായിട്ടുള്ളതുമായ മുറിവ് തിരിച്ചറിഞ്ഞ് പരിചരണം നൽകേണ്ടതാണ്.
- പ്രത്യേകമായ ലൈംഗിക ചേഷ്ടകൾ, സ്വഭാവ വൈകല്യങ്ങൾ പോലുള്ളവ കുട്ടിയിൽ പ്രകടമാണെങ്കിൽ അവ പരിഗണിക്കേണ്ടതാണ്.
- രോഗനിർണ്ണയവും ചികിത്സയ്ക്കുള്ള ശുപാർശകളും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.
- കോടതിയുടെ ആവശ്യമനുസരിച്ച് സാക്ഷിയായി ആരോഗ്യവിദഗ്ദ്ധർ എത്തേണ്ടതാണ്.

**നിയമ സേവന അതോറിറ്റിയുടെ നടപടിക്രമങ്ങൾ**

കുട്ടികൾക്ക് സർക്കാർതലത്തിൽ നിയമസഹായം ലഭ്യമാക്കുന്ന സംവിധാനമാണ് നിയമ സേവന അതോറിറ്റി (Legal Services Authority). 14 ജില്ലകളിലും നിയമസേവന അതോറിറ്റിയുടെ സേവനം ലഭ്യമാക്കി വരുന്നു. കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്ത് പ്രാഗത്ഭ്യമുള്ള അഭിഭാഷകരുടെ പാനൽ തയ്യാറാക്കി

നിയമ സേവന അതോറിറ്റി കോടതിയ്ക്ക് കൈമാറേണ്ടതാണ്. പോക്സോ നിയമത്തിലെ 33(8) വകുപ്പ് പ്രകാരം പ്രത്യേക കോടതിയിൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിച്ചുപോരുന്നു. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്കു ലഭിക്കുന്ന അപേക്ഷ പ്രകാരമോ, കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലോ നഷ്ടപരിഹാര തുക കുട്ടിക്കോ, കുടുംബത്തിനോ നൽകി വരുന്നു. ഇതിന്റെ ക്രോഡീകരണം നടപ്പാക്കുന്നത് കേരള സംസ്ഥാന നിയമസേവന അതോറിറ്റി (Kerala State Legal Services Authority) ആണ്.

### നഷ്ടപരിഹാരം

- നഷ്ടപരിഹാരമോ (victim compensation), ഇടക്കാല നഷ്ടപരിഹാരമോ (interim compensation) കുട്ടിക്ക് നൽകേണ്ടതുണ്ടെങ്കിൽ അതിനാവശ്യമായ റിപ്പോർട്ട് പോലീസ് പ്രത്യേക കോടതിയിൽ സമർപ്പിക്കണം. പോക്സോ നിയമത്തിലെ ചട്ടം 4(12) പ്രകാരം 'വിക്റ്റിം കോമ്പൻസേഷൻ' ആനുകൂല്യലഭ്യത സംബന്ധിച്ച വിവരങ്ങൾ കുട്ടിക്കും രക്ഷകർത്താവിനും നൽകേണ്ട ചുമതലയും പോലീസിനാണ്. പ്രസ്തുത നിയമത്തിലെ ചട്ടം 7(3) പ്രകാരം കുട്ടിക്ക് ഉണ്ടായ ശാരീരികവും മാനസികവുമായ ഉപദ്രവങ്ങൾ, പരിക്കുകൾ, കുട്ടിയുടെ മാനസികവും ശാരീരികവുമായ ആരോഗ്യം വീണ്ടെടുക്കുന്നതിന് വേണ്ടി വരുന്ന ചികിത്സാചെലവ്, കുറ്റകൃത്യംമൂലം വിദ്യാഭ്യാസ അവസരം നഷ്ടമായിട്ടുണ്ടോ എന്ന കാര്യം, കുറ്റകൃത്യഫലമായുണ്ടാകുന്ന വൈകല്യങ്ങൾ, കുട്ടിയുടെ സാമ്പത്തിക നിലവാരം തുടങ്ങിയവയാണ് നഷ്ടപരിഹാരം അനുവദിക്കുന്നതിന് മാനദണ്ഡങ്ങളായി പ്രത്യേക കോടതി പരിഗണിക്കുന്നത്. വിക്ടിം കോമ്പൻസേഷൻ നൽകുന്നതിനുള്ള ചുമതല ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിക്കാണ്.

### നിയമ സേവന അതോറിറ്റിയിൽ നിന്നു ലഭിക്കാവുന്ന സേവനങ്ങൾ

- കുട്ടിയ്ക്ക് സൗജന്യ നിയമ സേവനവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റി

ജില്ലാ നിയമ സേവന അതോറിറ്റിക്ക് ശുപാർശ നൽകാവുന്നതാണ്.

- കൂടാതെ നിയമ സേവന അതോറിറ്റി ആക്റ്റ് 1987 – ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കുട്ടിയ്ക്ക് സൗജന്യ നിയമസേവനവും മറ്റ് നിയമ ആനുകൂല്യങ്ങളും നിയമ സേവന അതോറിറ്റി മുഖാന്തിരം ലഭ്യമാക്കാവുന്നതാണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്നുമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരാഴ്ചക്കകം ഇത്തരം അടിയന്തിര ഫണ്ട് അർഹതപ്പെട്ട കുട്ടിയ്ക്ക് മേൽ സൂചിപ്പിച്ച സർക്കാർ സംവിധാനം മുഖേന ലഭ്യമാക്കേണ്ടതാണ്.
- ഭക്ഷണം, വസ്ത്രം, യാത്രാ ചെലവ്, കുട്ടിക്ക് അടിയന്തിര ആവശ്യത്തിനായി ലഭിക്കേണ്ട തുക എന്നിവ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ജില്ലാ നിയമ സേവന അതോറിറ്റി, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് ജുവനൈൽ ജസ്റ്റിസ് ഫണ്ട് u/s 105 പ്രകാരം നൽകാവുന്നതാണ്.
- അടിയന്തിരാവശ്യങ്ങൾക്ക് ചിലവായ തുകയുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റി നൽകുന്ന ശുപാർശ സ്വീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ആ തുക അനുവദിക്കേണ്ടതാണ്.
- പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത ശേഷം ഏതുഘട്ടത്തിലും കുട്ടിക്ക് നൽകുന്ന ഇടക്കാല നഷ്ട പരിഹാര തുക അന്തിമ നഷ്ടപരിഹാര തുകയിൽ ക്രമീകരിക്കാവുന്നതാണ്.

**കുട്ടികളെ ഉപയോഗിച്ച് അശ്ലീല സന്ദേശങ്ങളും വീഡിയോയും പ്രചരിപ്പിക്കുന്നതിനെതിരെയുള്ള നിയമ നടപടികൾ**

6. കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെയും ഇന്റർനെറ്റിലും പ്രചരിപ്പിക്കുകയോ മറ്റേതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങൾ മുഖേന പരസ്യപ്പെടുത്തുകയോ, വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യുന്നത് പോക്സോ നിയമം വകുപ്പ്

13 പ്രകാരം ശിക്ഷാർഹമാണ്. കുട്ടികളുടെ ലൈംഗികാവയവങ്ങൾ പ്രദർശിപ്പിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ/വീഡിയോയുടെ പ്രചരണങ്ങൾ, കുട്ടികളെ പലവിധമായ ലൈംഗിക പ്രവർത്തികളിൽ ഏർപ്പെടുത്തി കൊണ്ട് ദൃശ്യങ്ങൾ ചിത്രീകരിക്കുക, ഒരു കുട്ടിയെ നീചമായ അശ്ലീല വേഴ്ചകളിൽ ഉൾപ്പെടുത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുക എന്നിവ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. കുട്ടികൾ ഉൾപ്പെടുന്ന അശ്ലീല ചിത്രീകരണങ്ങളോ, ശബ്ദ സന്ദേശങ്ങളോ അച്ചടിച്ച പതിപ്പോ, ഇലക്ട്രോണിക് കമ്പ്യൂട്ടർ മുഖേനയോ മറ്റേതെങ്കിലും സാങ്കേതിക മാധ്യമങ്ങളിലൂടെയോ പ്രസിദ്ധീകരിക്കുന്നതും വിതരണം ചെയ്യുന്നതും പോക്സോ നിയമം 2012 പ്രകാരം ശിക്ഷയർഹിക്കുന്നതും പിഴ ഈടാക്കുന്നതുമാണ്. കൂടാതെ കുറ്റകൃത്യത്തിന്റെ വ്യാപ്തി അനുസരിച്ച് ശിക്ഷാകാലാവധി ദീർഘിപ്പിക്കുന്നതാണ്.

- കുട്ടികളുടെ അശ്ലീല ചിത്രീകരണങ്ങൾ കൈമാറുന്നത് ഇടനിലക്കാരിൽ കൂടിയാണെങ്കിലും ഐ.റ്റി. നിയമം 2000-ലെ വകുപ്പ് 2 പ്രകാരം ഇടനിലക്കാരനിൽ നിന്നും അത്തരം വസ്തുക്കൾ ശേഖരിക്കുകയും, ഇവയുടെ ഉറവിടം കണ്ടെത്തി ലോക്കൽ പോലീസ്/എസ്.ജെ.പി.യു./സൈബർ ക്രൈം പോർട്ടലിൽ ഉൾപ്പെടുത്തുകയും കാലാകാലങ്ങളിൽ സർക്കാർ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- അശ്ലീല ചിത്രീകരണം അടങ്ങിയ ഇലക്ട്രോണിക് ഉപകരണം എവിടെ നിന്നും കണ്ടെത്തിയെന്നും അതിൽ എന്തെല്ലാം ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നതും കൃത്യമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ഒരു വ്യക്തി കുട്ടിയുമായി ഗൗരവതര പ്രവേശിത ലൈംഗികാതിക്രമത്തിൽ ഏർപ്പെടുന്നതിനെ ചിത്രീകരണം ചെയ്യുകയും അത് പ്രചരിപ്പിക്കുകയും ചെയ്താൽ നിയമ പ്രകാരം ജീവപര്യന്ത തടവിനും പിഴയ്ക്കും ശിക്ഷാർഹനാണ്.

- കുട്ടികളെ ഉപയോഗിച്ചുള്ള അശ്ലീല ചിത്രീകരണങ്ങൾക്കും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയുള്ള അശ്ലീല ചിത്രീ കരണങ്ങളുടെ പ്രചരണത്തിനുമെതിരെ കേന്ദ്ര സർക്കാരും കൂടാതെ സംസ്ഥാന സർക്കാരും ഒത്തൊരുമയോടെ പ്ര വർത്തിച്ച് സമൂഹത്തിലെ എല്ലാ മേഖലയിലും ബോധവ ത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

**മീഡിയ**

ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികളുടെ പേര്, മേൽവിലാസം, ഫോട്ടോ, കുടുംബ വിശദാംശങ്ങൾ, വിദ്യാലയം, സമീപസ്ഥലം കൂടാതെ കുട്ടിയെ തിരിച്ചറിയുന്ന തരത്തിലുള്ള വെളിപ്പെടുത്തലുകളിലേയ്ക്ക് നയിക്കുന്ന മറ്റേതെങ്കിലും വിവര ങ്ങൾ എന്നിവ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ പാടുള്ളതല്ല. കുട്ടിയുടെ ഉത്തമ താല്പര്യം പരിഗണിച്ച് ഇത്തരം വിവരങ്ങൾ വെളിപ്പെടുത്തേണ്ടത് അനിവാര്യമാണെങ്കിൽ ആയത് പ്രത്യേക കോടതിയോ മറ്റ് നിയമാനുസൃത സ്ഥാപനങ്ങൾക്കോ വെളിപ്പെടു ത്തൽ അനുവദിക്കാവുന്നതാണ്. മേൽ സൂചന പ്രകാരമുള്ള വ്യവ സ്ഥകൾ ലംഘിക്കുന്ന ഏതൊരു വ്യക്തിക്കും 6 മാസത്തിൽ കുറ യാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവുശിക്ഷയോ പിഴയോ രണ്ടും ഒന്നിച്ചോ ലഭിക്കാവുന്നതാണ്. കുട്ടിയെ തിരിച്ച റിയാൻ ഉതകുന്ന വിവരങ്ങൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടു ത്തുന്നത് കുറ്റകരമാണ് വകുപ്പ് 23(4). ഇത്തരത്തിൽ വെളിപ്പെടു ത്തൽ നടത്തുന്ന ജീവനക്കാരുടെ വീഴ്ചയ്ക്ക് മാധ്യമത്തിന്റെ പ്രസാധകനും ഉടമയും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദിയായി രിക്കും (വകുപ്പ് 23(3). കുട്ടിയെ തിരിച്ചറിയുന്ന രീതിയിലുള്ള വിവ രങ്ങൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നത് പോക്സോ നിയമം വക്പ്പ് 23 പ്രകാരം കുറ്റകരമാണ്.

# ലൈംഗിക കുറ്റകൃത്യങ്ങളും ശിക്ഷാനടപടികളും

| ക്രമ നം. | കുറ്റം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 1. | ലൈംഗികാവയവ പ്രവേശനത്തിലൂടെയുള്ള ആക്രമണം (Penetrative Sexual Assault) | 3, 4 | പത്തുവർഷത്തിൽ കുറയാത്തതും ജീവ പര്യന്തം വരെ തടവ് ആകാവുന്നതും പിഴയും. 16 വയസ്സിൽ താഴെ യുള്ള കുട്ടിയാണെങ്കിൽ 20 വർഷം വരെയുള്ള തടവും പിഴയും. |
| 2. | ലൈംഗികാവയവ പ്രവേ ശനത്തിലൂടെയുള്ള ഗൗര വതരമായ ആക്രമണം (Aggravated Penetrative Sexual Assault) | 5, 6 | 20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തതടവും പിഴയും അല്ലെങ്കിൽ വധശിക്ഷയും |
| 3. | ലൈംഗിക ആക്രമണം (Sexual Assault) | 7, 8 | 3 വർഷത്തിൽ കുറയാ ത്തതും 5 വർഷം വരെ ആകാവുന്നതും തടവും പുറമെ പിഴ ശിക്ഷയും |
| 4. | ഗൗരവതരമായ ലൈംഗിക ആക്രമണം (Aggravated Sexual Assault) | 9, 10 | 5 വർഷത്തിൽ കുറയാ ത്തതും 7 വർഷം വരെ ആകാവുന്നതും തടവും പിഴയും |
| 5. | ലൈംഗിക പീഡനം (Sexual Harassment) | 11, 12 | 3 വർഷം വരെ തടവും പിഴയും |
| 6. | അശ്ലീല ചിത്രമെടുക്കൽ, അശ്ലീല സാഹിത്യം തുടങ്ങിയ ആവശ്യ ങ്ങൾക്ക് കുട്ടിയെ ഉപയോഗിക്കുക (Using Child for Pornographic Purposes) | 13, 14(1) | 5 വർഷത്തിൽ കുറയാ ത്തതും തടവും പിഴയും (വീണ്ടും ശിക്ഷിക്കപ്പെട്ടാൽ 7 വർഷത്തിൽ കുറയാത്ത തും തടവും പിഴയും) |

| ക്രമ നം. | കുറ്റം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 7. | അശ്ലീല ചിത്രമെടുക്കൽ, അശ്ലീല സാഹിത്യം തുടങ്ങിയ ആവശ്യ ങ്ങൾക്ക് കുട്ടിയെ ഉപയോ ഗിക്കുന്ന ആൾ നേരിട്ട് 3-ാം വകുപ്പിൽ പരാമർശി ക്കുന്ന കുറ്റകൃത്യം ചെയ്യു ന്നത് (ലൈംഗികാവയവ പ്രവേശനത്തിലൂടെയുള്ള ആക്രമണം) | 13, 14 | 3, 5, 7, 9 എന്നീ വകു പ്പുകൾക്ക് ചുമത്തുന്ന ശിക്ഷയും പിഴയും |
| 8. | കുട്ടികളെ ഉൾപ്പെടുത്തി യുള്ളതും ഏതു രൂപത്തി ലുള്ളതുമായ അശ്ലീല വസ്തുക്കൾ വാണിജ്യാ വശ്യത്തിനായി ശേഖ രിച്ചു വയ്ക്കുക | 15 (1) | 5000/- രൂപയിൽ കുറ യാത്ത പിഴയും അതേ കുറ്റകൃത്യം ആവർത്തി ച്ചാൽ 10,000/- രൂപ വരെയാകാവുന്ന പിഴയും |
| 9. | ലൈംഗിക കുറ്റകൃത്യം ചെയ്യാൻ ശ്രമിക്കൽ | 18 | |
| 10. | കുട്ടി ഉൾപ്പെടുന്ന അശ്ലീല സാഹിത്യമോ, വസ്തുക്കളോ പ്രചരിപ്പി ക്കുകയോ, പ്രദർശിപ്പിക്കു കയോ, വിതരണം ചെയ്യു കയോ ചെയ്താൽ | 15(2) | ബന്ധപ്പെട്ട കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള കൂടിയ ശിക്ഷാ കാലാവ ധിയുടെ പകുതിയോ പിഴയോ രണ്ടും കൂടിയോ. |
| 11. | വാണിജ്യ ആവശ്യ ത്തിനായി കുട്ടികളുടെ അശ്ലീല സാഹിത്യങ്ങൾ/ ചിത്രങ്ങൾ ഉപയോഗി ക്കുകയോ കൈവശം വെയ്ക്കുകയോ സൂക്ഷി ക്കുകയോ ചെയ്താൽ | 15(3) | 3 വർഷത്തിൽ കുറയാ ത്തതും 5 വർഷം വരെ ആകാവുന്നതുമായ തടവും പിഴയും അല്ലെ ങ്കിൽ രണ്ടും. കുറ്റം ആവർത്തിച്ചാൽ 5 വർഷത്തിൽ കുറയാ ത്തതും 7 വർഷം വരെ ആകാവുന്നതുമായ തടവും പിഴയും |

## ലൈംഗിക കുറ്റകൃത്യങ്ങളോടനുബന്ധപ്പെട്ട കുറ്റവും അവയ്ക്കുള്ള ശിക്ഷകളും

| ക്രമ നം. | കുറ്റം | പോക്സോ വകുപ്പ് | ശിക്ഷ |
|---|---|---|---|
| 1. | ആക്റ്റിൽ പരാമർശിക്കുന്ന കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുക | 17 | കുറ്റകൃത്യത്തിന് നിശ്ചയിച്ചിട്ടുള്ള അതേ ശിക്ഷ |
| 2. | (എ) കുറ്റകൃത്യം നടന്നെന്നോ നടക്കാൻസാധ്യതയുണ്ടെന്നോ ഉള്ള വിവരം രേഖപ്പെടുത്തുന്നതിൽ പോലീസ് വരുത്തുന്ന വീഴ്ച (ബി) കുറ്റകൃത്യം നടന്നെന്നോ നടക്കാൻ സാധ്യതയുണ്ടെന്നോ ഉള്ള വിവരം അറിയിക്കുന്നതിൽ വ്യക്തി/കൾ വരുത്തുന്ന വീഴ്ച | 21(1) | 6 മാസം വരെ തടവോ പിഴയോ രണ്ടും കൂടിയോ |
| 3. | കീഴുദ്യോഗസ്ഥൻ നടത്തിയ കുറ്റം റിപ്പോർട്ട് ചെയ്യുന്നതിൽ സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ ചുമതലയുള്ള ആൾ വരുത്തിയ വീഴ്ച | 21(2) | ഒരു വർഷം വരെ തടവും പിഴയും |
| 4. | പോക്സോ നിയമത്തിലെ 3, 5, 7, 9 വകുപ്പുകൾ പ്രകാരം കുറ്റം ആരോപിച്ച് വ്യാജ പരാതിയോ വിവരമോ നൽകുന്നത് | 22(1) | ആറു മാസം വരെ തടവോ പിഴയോ രണ്ടും കൂടിയോ |
| 5. | കുട്ടിയല്ലാത്ത ആൾ കുട്ടിക്കെതിരെ പോക്സോ നിയമപ്രകാരമുള്ള കുറ്റം കളവായി ആരോപിച്ച് വ്യാജ പരാതിയോ വിവരങ്ങളോ നൽകി നടപടിക്കിരയാക്കുക | 22(3) | ഒരു വർഷം വരെ തടവോ പിഴയോ രണ്ടും കൂടിയോ |
| 6. | കുറ്റകൃത്യത്തിനിരയായ കുട്ടിയെ തിരിച്ചറിയുന്ന വിവരങ്ങൾ മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തുന്നത് | 23 (4) | ആറു മാസം മുതൽ ഒരു വർഷം വരെ തടവോ പിഴയോ രണ്ടും കൂടിയോ |

## ഉപസംഹാരം

(ഭാരതത്തിന്റെ ഭരണഘടനയുടെ 15(3) അനുച്ഛേദം കുട്ടികൾക്ക് പ്രത്യേകം പരിരക്ഷ നൽകുന്ന നിയമങ്ങൾ ഉണ്ടാക്കുവാൻ രാഷ്ട്രത്തിന് അധികാരം നൽകിയിട്ടുണ്ട്. സുരക്ഷിതമായ അന്തരീക്ഷത്തിൽ ജീവിക്കുക എന്നത് കുട്ടികളുടെ മൗലികാവകാശമാണ്). കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ശക്തമായ വ്യവസ്ഥകളും ശിശുസൗഹാർദപരമായ നടപടിക്രമങ്ങളുമാണ് പോക്സോ ആക്റ്റിലുള്ളത്. ലൈംഗിക പീഡനത്തിൽനിന്നും കുട്ടികളെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടേയും കടമയാണ്. സമൂഹം ഒന്നടങ്കം ഈ കർത്തവ്യബോധം ഉൾക്കൊണ്ടാൽ മാത്രമേ പീഡനങ്ങൾക്കെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുവാൻ നമുക്ക് കഴിയുകയുള്ളു. നിയമ നടപടികൾക്കൊപ്പം കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ കൂടി ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ ബാല സൗഹൃദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനാകൂ.

## ഫോം - എ

# ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികൾക്കു ലഭിക്കേണ്ട സേവനങ്ങളും വിവരങ്ങളും

1. എഫ്.ഐ.ആർ.ന്റെ കോപ്പി
2. പോലീസിൽ നിന്നും മതിയായ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുക.
3. അടിയന്തിരവും സൗജന്യവുമായ സിവിൽ/പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള വൈദ്യസഹായം
4. മാനസികാരേഗ്യം വീണ്ടെടുക്കുവാൻ ഉതകുന്ന തരത്തിലുള്ള കൗൺസിലിംഗും പരിചരണവും
5. കുട്ടിയുടെ വീട്ടിലോ കുട്ടിയ്ക്ക് താല്പര്യമുള്ള മറ്റേതെങ്കിലും സ്ഥലത്തുവച്ചോ വനിതാ പോലീസ് ഉദ്യോഗസ്ഥ കുട്ടിയുടെ മൊഴി രേഖപ്പെടുത്തുക.
6. ലൈംഗിക കുറ്റകൃത്യത്തിന് വിധേയമായ കുട്ടിയ്ക്ക് കുറ്റകൃത്യം നടന്നത് വീട്ടിലോ അല്ലെങ്കിൽ കൂട്ടുകുടുംബത്തിലോ ആണെങ്കിൽ ആ കുട്ടിയെ ഏതെങ്കിലും ശിശുസംരക്ഷണ സ്ഥാപനത്തിലേക്ക് മാറ്റുക
7. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അടിയന്തിര സഹായം
8. കേസ് വിചാരണ വേളയിലും മറ്റും പ്രതിയിൽ നിന്നും കുട്ടിയെ മാറ്റി നിർത്തുക
9. വിവർത്തകന്റേയോ അല്ലെങ്കിൽ വ്യാഖ്യാതാവിന്റേയോ സേവനം ആവശ്യമെങ്കിൽ ഉറപ്പാക്കുക
10. ഭിന്നശേഷിയുള്ള കുട്ടിയാണെങ്കിൽ പ്രത്യേക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുക.
11. സൗജന്യ നിയമ സേവനം.
12. ചൈൽഡ് വെൽഫെയർ കമ്മിറ്റി സപ്പോർട്ട്പേഴ്സനെ നിയമിക്കുക
13. വിദ്യാഭ്യാസം തുടരുക
14. കേസിന്റെ സ്വകാര്യതയും രഹസ്യാത്മകതയും കാത്തുസൂക്ഷിക്കുക
15. പോലീസ് സൂപ്രണ്ട്, ജില്ലാ മജിസ്ട്രേറ്റ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വകുപ്പുകളുടെ ഫോൺ നമ്പരുകൾ ലഭ്യമാക്കുക.

തീയതി:

ഡ്യൂട്ടി ഓഫീസർ
(പേര് & സ്ഥാനപ്പേര്)

എനിക്ക് ഫോം എ. യുടെ ഒരു പകർപ്പ് ലഭിച്ചിരിക്കുന്നു.

(ഒപ്പ് : ലൈംഗീകാതിക്രമത്തെ അതിജീവിച്ച കുട്ടി/മാതാപിതാക്കൾ/രക്ഷിതാവ്)

## പ്രാഥമിക മൂല്യനിർണ്ണയ വിവരം (ഫോം: ബി)

| | ഘടകങ്ങൾ | |
|---|---|---|
| 1. | കുട്ടിയുടെ വയസ്സ് | |
| 2. | കുറ്റം ചെയ്തയാളുമായി കുട്ടിയ്ക്കുള്ള ബന്ധം | |
| 3. | കുറ്റകൃത്യത്തിന്റെ സ്വഭാവവും വ്യാപ്തിയും | |
| 4. | കുട്ടിയ്ക്ക് സംഭവിച്ച ശാരീരിക മാനസിക ആഘാതത്തിന്റേയും പീഡനത്തിന്റേയും വിവരങ്ങൾ | |
| 5. | ഏതെങ്കിലും വിധത്തിലുള്ള അംഗവൈകല്യം (ശാരീരികം/മാനസികം/ബുദ്ധിപരം) കുട്ടിയ്ക്കുണ്ടോ? | |
| 6. | കുട്ടിയുടെ മാതാപിതാക്കളുടെ സാമ്പത്തികാവസ്ഥ, കുടുംബത്തിലെ മൊത്തം അംഗങ്ങളുടേയും എണ്ണം, മാതാപിതാക്കളുടെ ജോലിയും മാസവരുമാനവും. | |
| 7. | കേസിനാസ്പദമായ കുറ്റകൃത്യത്തിന്റെ ആഘാതത്തിന് കുട്ടി ചികിത്സാ വിധേയമായിട്ടുണ്ടോ? അല്ലെങ്കിൽ കുട്ടിയ്ക്ക് ചികിത്സ ആവശ്യമാണോ? | |
| 8. | കുറ്റകൃത്യം കാരണമായി കുട്ടിക്ക് വിദ്യാഭ്യാസ അവസരം നഷ്ടപ്പെടുകയോ മാനസിക-ശാരീരിക അപകടം കാരണമോ, ചികിത്സാ, വിചാരണ, അന്വേഷണം എന്നിവ കാരണമോ സ്കൂളിൽ ഹാജരാകാതിരിന്നിട്ടുണ്ടോ? | |
| 9. | കുറ്റകൃത്യം നടന്നത് ഒറ്റപ്പെട്ട സംഭവമാണോ അല്ലെങ്കിൽ ഒരു നിശ്ചിത കാലയളവിൽ സംഭവിച്ചതാണോ? | |
| 10. | കുട്ടിയുടെ മാതാപിതാക്കൾ ഏതെങ്കിലും ചികിത്സയ്ക്ക് വിധേയരാണോ? അല്ലെങ്കിൽ മറ്റെന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടോ? | |
| 11. | കുട്ടിയ്ക്ക് ആധാർ നമ്പർ ഉണ്ടെങ്കിൽ അത് രേഖപ്പെടുത്തുക. | |

(ഒപ്പ്)

തീയതി : സ്റ്റേഷൻഹൗസ് ഓഫീസർ

## അടിയന്തിര സഹായത്തിന് ബന്ധപ്പെടേണ്ട നമ്പറുകൾ

| | | |
|---|---|---|
| പോലീസ് കൺട്രോൾ റൂം | : | **100** |
| ചൈൽഡ് ലൈൻ | : | **1098** |
| വനിതാ പോലീസ് ഹെൽപ്പ് ലൈൻ | : | **1091** |
| സൈബർ പോലീസ് | : | **0471-2556179** |
| റെയിൽ അലർട്ട് (കേരള റെയിൽവേ പോലീസ്) | : | **9846200100** |
| റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ് (ആർ.പി.എഫ്) | : | **1322** |
| ഹൈവേ പോലീസ് ഹെൽപ്പ് ലൈൻ | : | **9846100100** |
| ക്രൈം സ്റ്റോപ്പർ | : | **1090** |
| ഷീ ടാക്സി 24 x 7 കോൾ സെന്റർ | : | **8590000543** |
| ആന്റി റാഗിംഗ് ഹെൽപ്പ് ലൈൻ | : | **1800 180 5522** (ടോൾ ഫ്രീ) |
| നിർഭയ ടോൾ ഫ്രീ നമ്പർ | : | **1800 425 1400** |
| ഫുഡ് അഡൽറ്ററേഷൻ ഹെൽപ്പ് ലൈൻ (ഭക്ഷ്യസുരക്ഷ) | : | **1800 425 1125** (ടോൾ ഫ്രീ) |
| മിത്ര | : | **181** |
| ദിശ | : | **1056** (ടോൾ ഫ്രീ) **0471- 255 2056** |

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678